വാർത്താക്കുറിപ്പ്
**2026 ഒക്ടോബർ 26**

പുതുക്കിയ പരീക്ഷാതീയതി

മഹാത്മാഗാന്ധി സർവകലാശാല ഒക്ടോബർ 23ന നടത്താനിരുന്ന, മാറ്റിവെച്ച പരീക്ഷകൾ ഒക്ടോബർ 27 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

പി. ആർ. ഒ./951/2026

എം.ജി.യു. ഹ്രസ്വകാല കോഴ്സുകൾ: അപേക്ഷ ഡിസംബർ ഒന്നുവരെ നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളുടെയും കേന്ദ്രങ്ങളുടെയും സഹകരണത്തോടെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് നടത്തുന്ന ഹ്രസ്വകാല കോഴ്സുകളിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ ഒന്നുവരെ നീട്ടി. പാർട്ട് ടൈം ഹൈബ്രിഡ് രീതിയിൽ നടത്തുന്ന കോഴ്സുകളിൽ മറ്റ് റഗുലർ പ്രോഗ്രാമുകൾക്ക് പഠിക്കുന്നവർക്കും പ്രവേശനം നേടാം. നാല് സർട്ടിഫിക്കറ്റ് കോഴ്സുകൾ, 2  ഡിപ്ലോമ കോഴ്സുകൾ, 9 പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവയിലേക്കാണ് നിലവിൽ അഡ്മിഷൻ നടക്കുന്നത്.

ഓൺലൈൻ, ഓഫ്‌ലൈൻ ക്ലാസുകൾ ഉൾപ്പെടുന്ന ഹൈബ്രിഡ് രീതിയിലാണ് കോഴ്സുകൾ നടത്തുന്നത്. ഓഫ്‌ലൈൻ ക്ലാസുകൾ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലുമായിരിക്കും.

അപേക്ഷകൾ dasp.mgu.ac.in വഴി ഓൺലൈനായി സമർപ്പിക്കാം. ഗൂഗിൾ ഫോം വഴിയും അപേക്ഷിക്കാം (tinyurl.com/yvanarx5).

സർട്ടിഫിക്കറ്റ് കോഴ്സുകൾ

വെയർഹൗസിങ് ആൻഡ് ഇൻവെന്ററി മാനേജ്മെന്റ്, വേസ്റ്റ് മാനേജ്മെന്റ്, ബിസിനസ് ഡാറ്റ അനാലിസിസ് യൂസിങ് ടാലി ഇആർപി ആന്റ് എം.എസ്. എക്സൽ, ഇന്റർനെറ്റ് പ്രോഗ്രാമിങ് ആന്റ് വെബ് ടെക്നോളജീസ് എന്നിവയാണ് സർട്ടിഫിക്കറ്റ് കോഴ്സുകൾ. യോഗ്യത: പ്ലസ് ടു . ആറുമാസമാണ് പഠനകാലയളവ്.

ഡിപ്ലോമ കോഴ്സുകൾ

ഡിപ്ലോമ ഇൻ ഏർലി ഡിറ്റക്ഷൻ ആന്റ് ഇന്റർവെൻഷൻ ഓഫ് ഡിസബിലിറ്റീസ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടന്റിങ് ആന്റ് ടാക്സേഷൻ എന്നീ കോഴ്സുകൾക്ക് പ്ലസ് ടു ആണ് യോഗ്യത. ഒരു വർഷം ദൈർഘ്യമുള്ള കോഴ്സുകളാണ്.

പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് കോഴ്സുകൾ

സയൻസ് ആന്റ് ടെക്നോളജി ഓഫ് ലാറ്റക്സ് പ്രോഡക്ട്സ്, എ.ഐ. ആന്റ് ഡീപ് ലേണിങ്: ഫ്രം ബേസിക്സ് ടു ആപ്ലിക്കേഷൻസ്, ഇലക്ട്രോകെമിക്കൽ എനർജി സ്റ്റോറേജ് ആന്റ് കൺവേർഷൻ ഡിവൈസസ്, ഡിജിറ്റൽ ആന്റ് സോഷ്യൽ മീഡിയ മാർക്കറ്റിങ്, ഫുഡ് പാക്കേജിങ് ടെക്നോളജി, നാനോസയൻസ് ആന്റ് നാനോടെക്നോളജി, ഇൻസ്ട്രുമെന്റൽ മെത്തേഡ്സ് ഓഫ് കെമിക്കൽ അനാലിസിസ്, ഇമോഷണൽ ഇന്റലിജൻസ് ഡെവലപ്മെന്റ്, ഹൈപ്പോതെസിസ് ടെസ്റ്റിങ് ആന്റ് സ്റ്റാറ്റിസ്റ്റിക്കൽ അനാലിസിസ് ഇൻ ക്വാണ്ടിറ്റേറ്റീവ് റിസർച്ച് എന്നിവയാണ് കോഴ്സുകൾ. ആറുമാസം ദൈർഘ്യമുള്ള ഈ കോഴ്സുകൾക്ക് ബിരുദം / ബി.ടെക് ആണ് യോഗ്യത. ചില കോഴ്സുകൾക്ക് സയൻസ് ബിരുദം ആവശ്യമാണ്. വിശദവിവരങ്ങൾക്ക് mgu.ac.in സൈറ്റിലുള്ള നോട്ടിഫിക്കേഷൻ പരിശോധിക്കുക. ഫോൺ: 8078786798.

പി. ആർ. ഒ./952/2026

ഡിജിറ്റൽ ലാൻഡ് സർവേ കോഴ്സിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിലെ ഡോ. ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസ്. നടത്തുന്ന ഡിജിറ്റൽ ലാൻഡ് സർവെയിങ് ആൻഡ് ഡ്രാഫ്റ്റിംഗ് കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

സിവിൽ എഞ്ചിനീറിങ്, ലാൻഡ് സർവെയിങ് മേഖലകളിലേക്ക് ആവശ്യമായ വിശദമായ മാപ്പുകൾ, പ്ലാൻ, ഡ്രോയിങ് തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ, ഡിഫറെൻഷ്യൽ ജിപിഎസ്, ഓട്ടോ ലെവൽ, ഓട്ടോ കാഡ് സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള 3 മാസത്തെ പരിശീനമാണ് ലഭ്യമാകുക.

2026 നവംബർ 6 വരെ അപേക്ഷകൾ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: ses.mgu.ac.in. ഫോൺ: 8590282951.

പി. ആർ. ഓ./953/2026

പരീക്ഷാഫലം

നാലാം സെമസ്റ്റർ എം.എ. മലയാളം (പ്രൈവറ്റ് രജിസ്ട്രേഷൻ - 2024 അഡ്മിഷൻ റഗുലർ/ 2019 - 2023 അഡ്മിഷൻ റീ അപ്പീയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും നവംബർ 07 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.
-----
മൂന്നാം വർഷ ബാച്ചിലർ ഓഫ് ഫാർമസി ലാസ്റ്റ് ആൻഡ് ഫൈനൽ സ്പെഷ്യൽ മേഴ്സി ചാൻസ് (2016 നു മുൻപുള്ള അഡ്മിഷൻ, 2016 അഡ്മിഷൻ) ഏപ്രിൽ 2025 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും ഒക്ടോബർ 27 വരെ അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

പി. ആർ. ഓ./954/2026

ടൈം ടേബിൾ

ഒന്നാം സെമസ്റ്റർ എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ലേണിംഗ് ഡിസബിലിറ്റി) (2026-2028 ബാച്ച്), രണ്ടാം സെമസ്റ്റർ എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ലേണിംഗ് ഡിസബിലിറ്റി) (2025-2027 ബാച്ച്), മൂന്നാം സെമസ്റ്റർ എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസബിലിറ്റി) (2025-2027 ബാച്ച്) ഒക്ടോബർ 2026 പ്രായോഗിക പരീക്ഷകൾ ഒക്ടോബർ 30 മുതൽ മൂവാറ്റുപുഴ നിർമ്മല സദൻ ട്രെയിനിങ് കോളേജ് ഫോർ സ്പെഷ്യൽ എഡ്യൂക്കേഷനിൽ വച്ച് നടത്തുന്നതാണ്. ടൈം ടേബിൾ വെബ്സൈറ്റിൽ.
----------
മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എ/എം.എസ്‌സി. ബേസിക് സയൻസസ്/ കമ്പ്യൂട്ടർ സയൻസ് (ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിങ്, ഡാറ്റാ സയൻസ് -2022 അഡ്മിഷൻ റെഗുലർ, 2020 - 2021 അഡ്മിഷൻ സപ്ലിമെന്ററി) നവംബർ 2026 പരീക്ഷകൾ നവംബർ 19 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പി. ആർ. ഓ./955/2026

പരീക്ഷക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എ/എം.എസ്‌സി. ബേസിക് സയൻസസ്/കമ്പ്യൂട്ടർ സയൻസ് (ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിങ്, ഡാറ്റാ സയൻസ് -2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ സപ്ലിമെന്ററി) നവംബർ 2026 പരീക്ഷകൾക്ക് നവംബർ 9 വരെ അപേക്ഷിക്കാം. ഫൈനോടൊപ്പം നവംബർ 10 സൂപ്പർഫൈനോടെ നവംബർ 11 വരെയും അപേക്ഷ സമർപ്പിക്കാം. പരീക്ഷാ തീയതി പിന്നീട്. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

പി. ആർ. ഓ./956/2026

പബ്ലിക് റിലേഷൻസ് ഓഫീസർ